(ഇ) വികസനത്തിന്റെ കാര്യത്തിൽ തിരുവനന്തപുരം നഗരസഭയുടെ സമീപ ഗ്രാമപഞ്ചായത്തുകൾ നഗരഭാവം ഉൾക്കൊണ്ടു കഴിഞ്ഞവയാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനകീയപങ്കാളിത്തത്തോടുകൂടി ഓരോ പ്രദേശത്തേയും വികസനം ലക്ഷ്യമാക്കി അതതു പ്രദേശത്തിനു യോജിച്ച പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതുമൂലം വികസന പ്രവർത്തനം സംബന്ധിച്ച് സന്തുലിതാവസ്ഥ ഉണ്ടാവുമെന്ന് കരുതുന്നില്ല.

10 (*126) വൃദ്ധ സദനങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :
ശ്രീ. വി.സി. കബീർ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തേവാസികളിൽനിന്നും പ്രതിഫലമീടാക്കി സ്വകാര്യ വ്യക്തികളും ഏജൻസികളും വിവിധ പേരുകളിൽ സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃദ്ധസദനങ്ങൾ തുടങ്ങുവാൻ സർക്കാരിന്റെ അനുമതിയോ രജിസ്ട്രേഷനോ ആവശ്യമുണ്ടോ;

(സി) സംസ്ഥാനത്തിന്റെ മാറിയ സാമൂഹ്യാന്തരീക്ഷം കണക്കിലെടുത്ത് സർക്കാർ തലത്തിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സദനങ്ങൾ ആരംഭിക്കുവാനും വൃദ്ധസദനങ്ങൾക്ക് നിലവാരം നിശ്ചയിക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സാധുവൃദ്ധ ജനങ്ങളുടെ പുനരധിവാസം - പരിപാലനം - സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. വൃദ്ധ സദനങ്ങളുടെ നിലവാരം നിശ്ചയിക്കാനും സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് രജിസ്ട്രേഷൻ നടത്താനും ഇപ്പോൾ തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്.

11 (*127) വികലാംഗക്ഷേമ പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വികലാംഗക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികലാംഗർക്കുള്ള വിവിധ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി പൊതുമേഖലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വികലാംഗർക്കുവേണ്ടി സംസ്ഥാനത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഡി) തൊഴിൽ മേഖലയിൽ വൈദഗ്ദ്ധ്യം നൽകുന്ന പരിശീലന പരിപാടി വിപുലീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്ഥാപനം ദേശീയ ഇൻസ്റ്റിറ്റ്യൂട്ടാക്കി രൂപാന്തരപ്പെടുത്തുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1) വികലാംഗക്ഷേമത്തിനായി 95-ലെ വികലാംഗ (തുല്യ അവസര, അവകാശ സംരക്ഷണം പൂർണ്ണ പങ്കാളിത്ത) നിയമം കേരളത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2) അതിനുവേണ്ടിയുള്ള സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി, സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റി ഇവ രൂപീകരിച്ചു. ആക്ടിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ഒരു പൂർണ്ണ സമയ കമ്മീഷണറെ നിയമിക്കുകയും ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു.

3) സർക്കാർ സർവീസിൽ ക്ലാസ് III, IV എന്നീ വിഭാഗത്തിലുണ്ടാവുന്ന ഒഴിവുകളുടെ 3% വികലാംഗർക്കായി സംവരണം ചെയ്തു.

4) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1997 ജനുവരി 1 മുതൽ 1998 ആഗസ്റ്റ് 14 വരെ താൽക്കാലികാടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു.

5) വികലാംഗ പെൻഷൻ 110 രൂപയായി വർദ്ധിപ്പിച്ചു.

6) ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്കുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിച്ചു. ഇവിടെ അത്യാധുനിക രീതിയിലുള്ള വിദ്യാഭ്യാസ പരിപാടികൾ ശ്രവണ വൈകല്യമുള്ളവർക്കുവേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഇതിനു പുറമേ വളരെ നേരത്തെ തന്നെ ശ്രവണ ന്യൂനത കണ്ടുപിടിക്കുവാനുള്ള റിസർച്ചും ഇവിടെ ചെയ്യുന്നു.

7) തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ മന്ദബുദ്ധികൾക്കായുള്ള സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥാപനത്തെ നാഷണൽ ലെവലിലുള്ള ഒരു സ്ഥാപനമായി വളർത്തി യെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8) വികലാംഗരുടെ പുനരധിവാസത്തിനായി രൂപീകൃതമായ വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി. ഈ സ്ഥാപനം വഴി 1843 പേർക്കു സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ബാങ്ക് ലോണും സബ്സിഡിയും നൽകുകയും പുനരധിവാസത്തിന്റെ ഭാഗമായി 8322 പേർക്ക് 148.21 ലക്ഷം രൂപയ്ക്കുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

9) സംസ്ഥാനത്തെ കോടതികളിൽ പരിശീലനം ചെയ്യുന്ന അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്ക് 2,500 രൂപ എക്സ് ഗ്രേഷ്യാ അലവൻസ് നൽകുന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

10) ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ട്രാൻസ്പോർട്ടു ബസ്സിൽ കൺസഷൻ അനുവദിച്ചു.

11) സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ വികലാംഗ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 553 വികലാംഗർക്കായി 12,95,500/- രൂപ ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. വികലാംഗർക്കുള്ള വിവിധ സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറിയും റിസർച്ച് സെന്ററും ട്രെയിനിംഗ് സെന്ററും അടങ്ങിയ ഒരു "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ഡെവലപ്മെന്റ് ആന്റ് ട്രെയിനിംഗ് ഓൺ ദി എക്സ് ആന്റ് അപ്ലയൻസ് ഓഫ് ദി ഡിസേബിൾഡ്" എന്ന സ്ഥാപനം ആലപ്പുഴയിലെ കെ.എസ്.ഡി.പി.യുടെ കീഴിൽ ആരംഭിക്കാൻ ഉദ്ദേശമുണ്ട്. അതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഉണ്ട്. വികലാംഗർക്കുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ രണ്ടു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (വി.ടി.സി) പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടുമാണ് പ്രസ്തുത സ്ഥാപനങ്ങൾ.

(ഡി) ഉണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള വികലാംഗ തൊഴിൽ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ പരിശീലനം ഏർപ്പെടുത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡേറ്റാ എൻട്രി, വേർഡ് പ്രോസസിംഗ്, ഡി.റ്റി.പി. എന്നീ കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 6 മാസമാണ് കോഴ്സിന്റെ കാലാവധി ഒരു ബാച്ചിൽ 15 വിദ്യാർത്ഥികൾക്കുവീതം പരിശീലനം നൽകാവുന്നതാണ്.

(ഇ) മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്ഥാപനം ദേശീയ ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന്റെ ആദ്യപടിയായി സ്ഥാപനത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിൽ പരിശീലനം ഏർപ്പെടുത്തുന്നതിനും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

(എഫ്) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തുന്ന സൗജന്യ വൈദ്യ പരിശോധനാ ക്യാമ്പുകളും സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. കൊല്ലം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിലെ ഈ വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള ബാലവികലാംഗ സദനങ്ങൾ, ആലപ്പുഴ, ഇടുക്കി പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ വൃദ്ധ സദനങ്ങൾ, മഞ്ചേരിയിലെ കസ്റ്റോഡിയൽ കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, കോഴിക്കോട്ടുള്ള വികലാംഗ സദനം എന്നീ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുണ്ട്. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ ഭവനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് എന്നീ ചുമതലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

12 (*128) കയർ മേഖല അഭിവൃദ്ധിപ്പെടുത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർമേഖലയെ അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചുകഴിഞ്ഞതെന്നു വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി എത്രപേർക്ക് പുതുതായി തൊഴിൽ നൽകി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ തൊഴിലാളികൾക്ക് കൂലി വർദ്ധനവ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഡി) കയറിന്റെ തറവില എടുത്തു കളയാൻ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിവുണ്ടോ;

(ഇ) സംസ്ഥാനത്തെ ചെറുകിട കയർ ഉല്പാദകരെ അതു ദോഷകരമായി ബാധിക്കുമെന്നതിനാൽ കേന്ദ്രസർക്കാരിനെ ഈ ഉദ്യമത്തിൽനിന്നും പിന്തിരിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർമേഖലയെ അഭിവൃദ്ധിപ്പെടുത്താൻ ഈ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

(ബി) കണക്കാക്കിയിട്ടുണ്ട്. 10,596 പേർക്ക് കൂടുതലായി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1997-ൽ 10 രൂപയും 1999-ൽ 11 രൂപയും വീതം കയർ തൊഴിലാളികൾക്ക് കൂലി വർദ്ധനവ് നൽകിയിട്ടുണ്ട്.

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly